# ഇന്ത്യൻ തൊഴിൽകമ്പോളത്തിലെ ജാതിവിനിമയങ്ങൾ

**Siyar Manuraj**
Associate Professor of Economics
Department of Economics
K.K.T.M. Government College, Pullut.
Kodungallur
Email: simanuraj@gmail.com

**Sreenij K.S.**
Research Associate
Centre for Development Studies (JNU)
Research Institute in Thiruvananthapuram
Email: sreenijsreenu@gmail.com

**സംഗ്രഹം**

ലോകത്തിലെ ഏറ്റവും വികസിതമായ രാജ്യമാകാൻ അശ്രാന്ത പരിശ്രമം ചെയ്യുകയാണ് ഇന്ത്യ. പൗരാണിക ഹിന്ദു രാഷ്ട്ര സങ്കൽപ്പനത്തിന് അകത്താണ് വർത്തമാന ഇന്ത്യയുടെ വികസന തന്ത്രങ്ങൾ രൂപപ്പെടുന്നത്. രാജ്യത്തിന്റെ ദേശീയവരുമാനം വർദ്ധിക്കുന്നു. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൂടുന്നു. എന്നാൽ തിളങ്ങുന്ന ഈ വികസന ചിത്രത്തിനു പുറകിൽ ഇന്ത്യയിലെ ഹിന്ദു തൊഴിലാളികൾ അവരുടെ നിത്യ ജീവിതത്തിൽ അനുഭവിക്കുന്ന യഥാർത്ഥ്യം എന്താണ് എന്നാണ് ഈ ലേഖനം പരിശോധിക്കുന്നത്. ഹിന്ദു തൊഴിലാളികളിലെ വിവിധ സാമൂഹ്യ വിഭാഗങ്ങളുടെ തൊഴിൽ കമ്പോളത്തിലെ പങ്കാളിത്തം വിശകലനം ചെയ്യുന്നതിലൂടെ ചരിത്രപരമായി ഇന്ത്യയിൽ

 ISSN: 2582 - 2594

നിലനിൽക്കുന്ന ഘടനാപരമായ ജാതി വിവേചനം (Structural Caste Discrimination) നമ്മുടെ തൊഴിൽ കമ്പോളത്തിൽ എത്രത്തോളം ഇന്നും തുടരുന്നുണ്ട് എന്നാണ് ഈ ലേഖനം അന്വേഷിക്കുന്നത്.

**താക്കോൽവാക്കുകൾ :** തൊഴിൽ കമ്പോളം, തൊഴിലാളി, ജാതി വിവേചനം, കമ്പോള വിവേചനം, ഘടനാപരമായ അസമത്തം.

**ആമുഖം**

തൊഴിൽ കമ്പോളം എന്നത് കേവലം തൊഴിൽ വാങ്ങുന്നവരും വിൽക്കുന്നവരും തമ്മിൽ ക്രയവിക്രയം നടക്കുന്ന ഒരു സ്ഥലം മാത്രമല്ല. അത് തൊഴിലാളികൾക്ക്, ട്രേഡ് യൂണിയൻ ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും രണ്ടു തരത്തിലുള്ള അധികാര പ്രയോഗങ്ങൾ തൊഴിൽ വിൽക്കുന്നവർക്കും വാങ്ങുന്നവർക്കും ഇടയിൽ നടക്കുന്ന ഒരിടം കൂടിയാണ് (Ehrenberg and Smith, 2012)[1]. മൂലധനം സ്വന്തമായില്ലാത്ത, സ്വന്തം അധ്വാനം മാത്രം വിറ്റ് ജീവിക്കേണ്ടിവരുന്ന തൊഴിലാളിയുടെ നിസ്സഹായതകളെ പറ്റി കാറൽ മാർക്സും എംഗൽസും വളരെ വിശദമായി അവരുടെ രചനകളിൽ പറഞ്ഞിട്ടുണ്ട് (Marx and Engels, 1848[2], Marx, 1867[3]). എവിടെ എന്ത് ജോലി ചെയ്യണമെന്ന കാര്യത്തിൽ സ്വതന്ത്രമായി തീരുമാനമെടുക്കാൻ തൊഴിലാളികൾക്ക് “യഥാർത്ഥ സ്വാതന്ത്ര്യം” ഉണ്ടെങ്കിൽ തീർച്ചയായും തൊഴിൽ കമ്പോളത്തിലെ തൊഴിലിന്റെ വിതരണത്തിലും തൊഴിലാളിയുടെ കൂലിയിലും അത് പ്രതിഫലിക്കും. നിർഭാഗ്യവശാൽ ഇത്തരമൊരു “സ്വതന്ത്ര തിരഞ്ഞെടുപ്പ്” നടത്താനുള്ള സാമ്പത്തിക സാമൂഹ്യ സാഹചര്യത്തിലല്ല ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികൾ എന്നാണ് തൊഴിൽ കമ്പോളത്തെ കേന്ദ്രീകരിച്ചുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത് (Thorat, 2001[4], 2007[5], Despande, 2011[6]). സൈദ്ധാന്തികമായി സമ്പൂർണ്ണ കിടമത്സരം നിലനിൽക്കുന്ന തൊഴിൽ കമ്പോളത്തിൽ, കമ്പോളം നിശ്ചയിക്കുന്ന കൂലികൊടുത്ത് തൊഴിലാളിയെ വിലയ്ക്ക് എടുക്കേണ്ട വിനീത ദാസനായ മുതലാളി ആണുള്ളത്(Manning, 2003)[7]. എന്നാൽ യഥാർത്ഥ ജീവിതത്തിൽ മുതലാളിയുടെ മുൻപിൽ ദാസനായി നിൽക്കേണ്ട തൊഴിലാളിയാണ് ഉള്ളത്. ജാതിയുടെ ബലതന്ത്രങ്ങൾക്ക് അനുസരിച്ച് രൂപംകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഇന്ത്യൻ തൊഴിൽ മാർക്കറ്റിൽ ഹിന്ദു ജാതികളിൽ പെട്ട തൊഴിലാളികളുടെ പങ്കാളിത്തം ഉൽപ്പാദിപ്പിക്കുന്ന സാമ്പത്തിക സാമൂഹ്യ വിനിമയങ്ങളെ അനാവരണം ചെയ്യുകയാണ് ഈ ലേഖനത്തിലൂടെ.

ഇന്ത്യയിലെ സ്വകാര്യ തൊഴിൽ കമ്പോളത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർഥികളോട് പ്രത്യക്ഷത്തിലുള്ള യാതൊരു വിധ ജാതി വിവേചനവും തൊഴിൽ കമ്പോളത്തിലേക്കുള്ള പ്രവേശനത്തിലും, തൊഴിൽ ഇടത്തിലും ഇല്ലെന്നാണ് പൊതുവെയുള്ള പൊതുബോധം. എന്നാൽ സുഖ്ദേവ് തൊറാട്ടിനെ പോലുള്ള ഗവേഷകർ പറയുന്നത് സ്വകാര്യ തൊഴിൽ കമ്പോളത്തിലേക്ക് പ്രവേശനം ലഭിക്കാൻ ശ്രമിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർഥികളുടെ വ്യക്തിപരമായ കഴിവുകൾ കണ്ടെത്തി അവരെ ജോലിക്ക് എടുക്കാൻ ശ്രമിക്കാതെ അവരുടെ ജാതീയമായ സ്വത്വം മാത്രം പരിഗണിച്ചുകൊണ്ട് “കഴിവുകെട്ടവർ” എന്ന് മുദ്രകുത്തി അവരെ സ്വകാര്യ തൊഴിൽ കമ്പോളത്തിൽ നിന്നും അകറ്റിനിർത്തുകയാണ് എന്നാണ്. ഒരാളുടെ

തൊഴിൽ നൈപുണികൾ എന്താണ് എന്നത് വസ്തുനിഷ്ഠമായി അളക്കാൻ മിനക്കെടാതെ ഒരാളുടെ ജാതി മാത്രം നോക്കി മുന്നാക്കജാതിക്കാരെ “കൊള്ളാവുന്നവർ” എന്ന ഗണത്തിലും, പട്ടികജാതി പട്ടികവർഗ്ഗ യുവതീയുവാക്കളെ “ഒന്നിനും കൊള്ളാത്തവർ” എന്ന ഗണത്തിലും പെടുത്തി അവർക്ക് തൊഴിലവസരം നിഷേധിക്കുന്ന പ്രവണത ഇന്ത്യൻ സ്വകാര്യ തൊഴിൽ കമ്പോളത്തിൽ ഉണ്ടെന്നാണ് തൊറാട്ടിനെ പോലുള്ളവർ സ്ഥിതിവിവരകണക്കുകൾ ഉദ്ധരിച്ചുകൊണ്ട് തെളിയിക്കാൻ ശ്രമിച്ചിട്ടുള്ളത്. ഇന്ത്യൻ തൊഴിൽ കമ്പോളത്തിൽ ആരൊക്കെ പ്രവേശിക്കണം എന്ന് തീരുമാനിക്കുന്നതിൽ തൊഴിലാളിയുടെ വർഗ്ഗം, വംശം, ലിംഗം, നിറം ഒക്കെ പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു എന്ന് തോറാട്ട് പറഞ്ഞിട്ടുണ്ട് (Thorat, 2009[8], 2008[9], 2017[10], 2021[11], 2010[12], ILO, 2008[13]). തൊഴിൽ മാർക്കറ്റിൽ “Occupational Segregation” സജീവമായി ആധുനിക ജനാധിപത്യ രാജ്യങ്ങളിൽ നിലനിൽക്കുന്നുണ്ട്(Varkey, Korade and Parikh, 2017[14]). തൊഴിൽവിഭജനം ഇന്ത്യയിൽ തൊഴിലാളികളുടെ കൂടി വിഭജനമാണ് എന്ന അംബേദ്കറുടെ നിരീക്ഷണം ഇന്ത്യൻ തൊഴിൽ കമ്പോളത്തിനകത്തെ ജാതി വ്യവഹാരങ്ങളെ പറ്റിയുള്ള ഏറ്റവും സൂക്ഷ്മമായ നിരീക്ഷണം ആണ് (Ambedkar, 1936)[15]. ഒരാൾ വെള്ളക്കാരൻ ആണെന്ന ഒറ്റക്കാരണംകൊണ്ട് തന്നെ വെള്ളക്കാർ അല്ലാത്ത പ്രത്യേകിച്ച് കറുത്തവർ ആയ ആളുകളോട് വിവേചനം കാണിക്കാനുള്ള സ്വാഭാവികമായ പ്രേരണ അയാൾക്കുണ്ടാവും എന്ന് ഗാരി ബെക്കർ അമേരിക്കയിലെ വെള്ളക്കാരും ആഫ്രോ അമേരിക്കക്കാരും തമ്മിലുള്ള സാമൂഹ്യ വിനിമയങ്ങളെ നിരീക്ഷിച്ചുകൊണ്ട് സാമ്പത്തിക വിവേചനങ്ങളെ വിശകലനം ചെയ്യുന്നതിനൊരു ചട്ടക്കൂട് ഉണ്ടാക്കുന്നതിനും മുൻപേ സാമ്പത്തിക ശാസ്ത്രത്തിൽ ജെ എസ്സ് മില്ലും എഡ്ജ് വർത്തും ഒക്കെ വിവേചനങ്ങളെ പറ്റി വാചാലരായവർ ആണ് (Garry Becker, 1957[16], Jandhyala, 1980[17], Thurow, 1968[18], Bergmann, 1971[19], Baran[20] & Thorat, 2007[21], 2010[22], 2016[23]). ഇത് തന്നെയാണ് അംബേദ്കറും ഇന്ത്യൻ തൊഴിൽ കമ്പോളത്തിലെ ജാതിവിനിമയത്തിൽ ഉള്ളതെന്ന് നിരീക്ഷിക്കുന്നത്. ഇന്ത്യയിൽ ജാതി മത സ്വത്വങ്ങൾ തൊഴിൽ കമ്പോളത്തിലെ പ്രാതിനിധ്യത്തെ നിർണ്ണയിക്കുന്നു എന്ന് Akerlof നിരീക്ഷിച്ചിട്ടുണ്ട് (Akerlof, (1976[24], Deshpande et al., 2015[25]). തൊഴിൽ കമ്പോളത്തിൽ പലതരത്തിലുള്ള വിവേചനങ്ങൾ നിലനിൽക്കുന്നുണ്ട്. ഒരാളുടെ ഉൽപ്പാദനക്ഷമത പരിഗണിക്കാതെ അയാളുടെ ജാതി മതം ലിംഗം ഒക്കെ നോക്കി കൂലി നിശ്ചയിക്കുന്നത് ഒരു തരത്തിലുള്ള വിവേചനമാണ്. ഒരു വിഭാഗത്തിന് മാത്രമായി ജോലികൾ നൽകുന്നതും മറ്റൊരു വിഭാഗത്തിനു അത്തരം ജോലികൾ നിഷേധിക്കുന്നതും വിവേചനമാണ്. ഒരാൾ ഏത് സ്ഥലത്ത് ആണ് ജീവിക്കുന്നത് അല്ലെങ്കിൽ എവിടെ നിന്നാണ് വരുന്നത് എന്ന് നോക്കി അയാളുടെ കൂലി നിശ്ചയിക്കുന്നത് വിവേചനമാണ്.

ഇന്ത്യൻ തൊഴിൽ കമ്പോളത്തിൽ ആര് എന്ത് ജോലി ചെയ്യണം എന്ന് നൂറ്റാണ്ടുകളോളം നിശ്ചയിച്ചത് ജാതിവ്യവസ്ഥയ്ക്ക് അകത്ത് ഒരാളുടെ സാമൂഹ്യപദവി എന്താണ് എന്നതായിരുന്നു. ഷാഹു മഹാരാജിനെ പോലുള്ള ഒരു രാജാവ് മാത്രമാണ് അസ്പൃഷ്ടർ അടക്കമുള്ള പിന്നാക്ക ജാതികൾക്ക് തൊഴിൽ സംവരണം കൊടുക്കാൻ ശ്രമിച്ചിട്ടുള്ളത്. ജാതിബദ്ധമായ തൊഴിലുകൾക്ക് വെളിയിൽ മറ്റൊരു തൊഴിൽ തേടാനുള്ള യാതൊരുവിധ സാമൂഹ്യ സാമ്പത്തിക സാഹചര്യവും ജാതിവ്യവസ്ഥ ആളുകൾക്ക് അനുവദിച്ചിരുന്നില്ല. ആളുകൾക്ക് വിദ്യാഭ്യാസം നിഷേധിക്കുകയും പൊതു ഇടങ്ങളിലേക്കുള്ള അവരുടെ കടന്നുവരവിനെ ബലപ്രയോഗത്തിലൂടെയും രാഷ്ട്രീയാധികാരത്തിലൂടെയും തടയുകയും ചെയ്തുകൊണ്ടാണ് നൂറ്റാണ്ടുകൾ മേലാള ജാതികൾ തങ്ങളുടെ

അധികാരവും പദവിയും സവിശേഷ അവകാശങ്ങളും കൈവശം വെച്ച് അനുഭവിച്ചത്. കീഴാള ജാതികളേക്കാൾ മെച്ചപ്പെട്ട തൊഴിൽ നൈപുണികൾ മേലാള ജാതികൾക്ക് ജന്മനാ തന്നെ ഉണ്ടെന്ന് വസ്തുനിഷ്ഠമായി തെളിയിച്ചതിന്റെ പിൻബലത്തിൽ ആയിരുന്നില്ല മേലാളർ സമം കഴിവുള്ളവർ എന്ന സിദ്ധാന്തം ഇന്ത്യൻ ജാതി വ്യവസ്ഥ പ്രചരിപ്പിച്ചത്. ഇന്ത്യൻ തൊഴിൽ കമ്പോളത്തിൽ ഹിന്ദുമതത്തിലെ വിവിധ ജാതിവിഭാഗങ്ങളുടെ പ്രാതിനിധ്യത്തെ വിശകലനം ചെയ്യുകയാണ് ഈ ലേഖനം ചെയ്യുന്നത്.

### തൊഴിൽ കമ്പോളത്തിലെ ഹിന്ദു ജാതികളുടെ പങ്കാളിത്തം

2017-18, 2023-24 വർഷങ്ങളിലെ തൊഴിൽ സർവ്വേയിലൂടെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ജാതി മുന്നാക്ക ജാതി തൊഴിലാളികളുടെ തൊഴിൽ പങ്കാളിത്തം കണ്ടെത്തുകയുണ്ടായി. ഇതിലൂടെ ഈ വിഭാഗങ്ങളിൽ പതിനഞ്ച് വയസ്സിനു മുകളിൽ ജോലി തേടുന്നവരും നിലവിൽ ജോലി ചെയ്യുന്നവരുമായ ആളുകളുടെ എണ്ണവും (LFPR) അവരിൽ എത്രപേർ ഇപ്പോൾ യഥാർത്ഥത്തിൽ ജോലിചെയ്യുന്നുണ്ട് (WPR) എന്നും കണ്ടെത്താൻ കഴിയും. ഓരോ വിഭാഗവും ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മേഖലകൾ, അവരിൽ എത്രപേർ സ്ഥിരശമ്പളമുള്ള മേഖലകളിൽ ജോലി ചെയ്യുന്നുണ്ട് എന്നുള്ള കാര്യങ്ങളും കണ്ടെത്താൻ കഴിയും. ഇന്ത്യ ഒരു ജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് (Knowledge Economy) വേഗത്തിൽ പരിവർത്തനം ചെയ്യുന്ന ഇക്കാലത്ത് നഗര കേന്ദ്രീകൃതമായി ഉണ്ടാകുന്ന തൊഴിലുകളിൽ ആർക്കൊക്കെയാണ് പങ്കാളിത്തം ഉള്ളത് എന്നറിയുന്നത് സാമൂഹ്യ സാമ്പത്തിക വികസനത്തിനകത്തെ ചരിത്രപരവും (Historical) ഘടനാപരവുമായ (Structural) അസമത്തങ്ങളെ കുറയ്ക്കുന്നുണ്ടോ എന്നറിയാൻ സഹായിക്കും. ഭരണകൂടത്തിന്റെ ക്ഷേമരാഷ്ട്രബദ്ധമായ പോളിസികളിൽ കാലോചിതമായ നവീകരണങ്ങൾ നടത്താൻ ഇത്തരം വിവരങ്ങൾ അത്യന്താപേക്ഷിതം ആണല്ലോ. ഇന്ത്യയിലെ അസംഘടിത തൊഴിൽ മേഖലകളിൽ ഏറ്റവും കൂടുതൽ സാമ്പത്തിക അരക്ഷിതാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങൾ കർഷക തൊഴിലാളികൾ, വീടുകളിൽ തന്നെ ചെറുകിട ബിസിനസ് ചെയ്യുന്ന ആളുകൾ, വീട്ടുജോലിക്കാർ, തെരുവ് കച്ചവടക്കാർ, പഴയ സാധനങ്ങൾ വീടുകളിൽ വന്ന് എടുക്കുന്നവർ, നഗരത്തിലെ അസംഘടിത ഡ്രൈവർമാർ, ക്ലീനർമാർ, അസംഘടിത കെട്ടിട നിർമ്മാണ തൊഴിലാളികൾ ഒക്കെയാണ്. ഇത്തരം ആളുകളുടെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി എന്താണ്. എത്രത്തോളം സാമ്പത്തിക സുരക്ഷ ഇവർക്കുണ്ട്. അവരുടെ ഏതെല്ലാം ആവശ്യങ്ങൾ അവർക്ക് നിർവ്വഹിക്കാൻ കഴിയുന്നുണ്ട് തുടങ്ങിയ കാര്യങ്ങൾ അറിയുക എന്നത് എൺപത് ശതമാനത്തിന് മുകളിൽ വരുന്ന ഇന്ത്യൻ തൊഴിലാളികളുടെ യഥാർത്ഥജീവിതം അറിയാൻ നമ്മെ സഹായിക്കും. 2014 വരെയുള്ള ഭരണകാലത്ത് നെഹ്റുവിയൻ സോഷ്യലിസ്റ്റ് ചട്ടക്കൂടിനെ നിലനിർത്തിക്കൊണ്ട് ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും നടത്താൻ ആണ് സർക്കാരുകൾ ശ്രമിച്ചത്. എന്നാൽ അതിന് ശേഷം കമ്പോളത്തിന് കൂടുതൽ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം കൊടുക്കുന്ന ഒരു സാഹചര്യത്തിൽ തീർച്ചയായും സമൂഹത്തിന്റെ മുകൾ തട്ടിൽ സാമ്പത്തിക വികസനം ഉണ്ടാവുന്നുണ്ട്. എന്നാൽ ഈ സാമ്പത്തിക വികസന നേട്ടങ്ങൾ സമൂഹത്തിലെ താഴെത്തട്ടിലുള്ള ആളുകളിലേക്ക് എത്തുന്നുണ്ടോ എന്നൊരന്വേഷണം ഇന്നിന്റെ ആവശ്യമാണല്ലോ. ഹിന്ദു പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർഥികളുടെ തൊഴിൽ കമ്പോള പങ്കാളിത്തവും പ്രശ്നങ്ങളും ആണ് ഈ ലേഖനത്തിന്റെ കാതൽ. ഇന്ത്യൻ തൊഴിൽ മാർക്കറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ തൊഴിൽ അന്വേഷകർ ജാതീയമായ

വിവേചനവും ഒഴിച്ച് നിർത്തലും നേരിടുന്നുണ്ടോ എന്ന് 2017-18, 2023-24 വർഷങ്ങളിലെ തൊഴിൽ സർവ്വേ താരതമ്യം ചെയ്തുകൊണ്ട് പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ മറ്റൊരു ലക്ഷ്യം

**ടേബിൾ 1** തൊഴിൽ സേനയിലുള്ള പങ്കാളിത്തം (LFPR)
(Labor Force Participation Rate - UPSS)

| Social Group | 2017-18 | | | 2023-2024 | | |
|---|---|---|---|---|---|---|
| | Rural | Urban | Total | Rural | Urban | Total |
| Hindu ST | 13.67 | 3.53 | 10.84 | 14.38 | 3.6 | 11.65 |
| Hindu SC | 23.58 | 17.7 | 21.94 | 23.04 | 19.08 | 22.04 |
| Hindu OBC | 43.22 | 40.71 | 42.52 | 46.36 | 42.75 | 45.44 |
| Hindu Higher Caste | 19.54 | 38.06 | 24.7 | 16.22 | 34.58 | 20.88 |
| Total | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ 1 അനുസരിച്ച് 2017-18 കാലത്തിൽ നിന്നും 2023-2024 ലേക്ക് എത്തുമ്പോൾ മൊത്തം തൊഴിൽ സേനയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പങ്കാളിത്തത്തിൽ ഉണ്ടായ വർധനവ് ഒരു ശതമാനത്തിൽ താഴെ മാത്രമാണ്. പട്ടികജാതിക്കാരായ തൊഴിലാളികൾ പട്ടികവർഗ്ഗ വിഭാഗങ്ങളെ അപേക്ഷിച്ച് ചെറിയ തോതിൽ ആണെങ്കിലും നഗരങ്ങളിലേക്ക് ജോലി തേടി എത്തുന്നുണ്ട് എന്ന് കാണാം. എന്നാൽ ഇതേ കാലയളവിൽ ഹിന്ദു പിന്നാക്ക (OBC) വിഭാഗങ്ങളുടെ തൊഴിൽ സേനയിലുള്ള പങ്കാളിത്ത വർധനവ് മൂന്ന ശതമാനം ആണ്. എന്നാൽ ഇതേ കാലയളവിൽ ഹിന്ദു മുന്നാക്ക ജാതിക്കാരുടെ തൊഴിൽ സേനാ പങ്കാളിത്തത്തിൽ മൂന്ന ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്. സാമ്പത്തിക വികസനത്തിന്റെ നേട്ടങ്ങൾ കൂടുതലായി മുന്നാക്ക സമുദായങ്ങൾക്ക് എത്തുമ്പോൾ അവരിലെ സ്ത്രീ തൊഴിലാളികൾ തൊഴിൽ കമ്പോളത്തിൽ നിന്നും വിട്ട് നിൽക്കുന്നതാണോ അതിനുള്ള കാരണം എന്ന സംശയം സ്വാഭാവികമായും ഉണ്ടാകും.

**ടേബിൾ 2** തൊഴിൽ സേനയിലെ സ്ത്രീ പുരുഷ അനുപാതം.
Labor force participation rate (UPSS)

| Social Group | 2017-18 | | 2023-2024 | |
|---|---|---|---|---|
| | Male | Female | Male | Female |
| Hindu ST | 68.87 | 31.13 | 55.43 | 44.57 |
| Hindu SC | 76.32 | 23.68 | 64.68 | 35.32 |
| Hindu OBC | 75.97 | 24.03 | 63.94 | 36.06 |
| Hindu Higher Caste | 79.01 | 20.99 | 69.69 | 30.31 |
| Total | 76.03 | 23.97 | 64.31 | 35.69 |

Source: Authors' Calculation based on PLFs 2017-18 & 2023-2024


ISSN: 2582 - 2594

എന്നാൽ 2017-2018 ൽ നിന്നും 2023-2024 കാലയളവിലേക്ക് എത്തുമ്പോൾ സ്ത്രീകളുടെ തൊഴിൽ സേനയിലുള്ള പങ്കാളിത്തം കൂടുകയും പുരുഷന്മാരുടേത് കുറയുകയുമാണ് ഉണ്ടായത്. (ടേബിൾ 2). ഈ കാലയളവിൽ എല്ലാ സാമൂഹ്യ വിഭാഗങ്ങളുടെയും തൊഴിൽ സേനയിലുള്ള സ്ത്രീ പങ്കാളിത്തം കൂടുന്നതായി കാണാം. സ്ത്രീകൾ കൂടുതലായി തൊഴിൽ കമ്പോളത്തിലേക്ക് വരുന്നത് ഇന്ത്യ പോലുള്ള പുരുഷാധിപത്യ സമൂഹങ്ങളിൽ ഒരു നേട്ടത്തേക്കാൾ കൂടുതൽ നവ ലിബറൽ കാലത്ത് കുടുംബങ്ങളുടെ മേൽ ഉണ്ടാകുന്ന കടുത്ത സാമ്പത്തിക സമ്മർദ്ദത്തിന്റെ ഒരു പ്രതിഫലനമാണോ എന്നറിയാൻ കൂടുതൽ പഠനം ആവശ്യമാണ്. നവലിബറൽ കമ്പോള മുതലാളിത്തം ഉണ്ടാക്കുന്നുവെന്ന പറയപ്പെടുന്ന നേട്ടങ്ങൾ കുടുംബങ്ങളിലേക്ക് എത്തുന്നില്ല എന്നതിന്റെ അടയാളമായി തൊഴിൽ മാർക്കറ്റിലെ സ്ത്രീ പങ്കാളിത്തത്തിലുള്ള വർധനവിനെ കാണാവുന്നതാണ്. കരാർ തൊഴിലുകളുടെ വർദ്ധനവും തൊഴിൽ കമ്പോളത്തിലുള്ള അനിശ്ചിതത്വവും ആകാം കുടുംബത്തിലെ സ്ത്രീകളെ കൂടി തൊഴിൽ കമ്പോളത്തിലേക്ക് നയിക്കുന്നത്. ഇക്കാര്യത്തിൽ കൂടുതൽ പഠനം ആവശ്യമാണ്.

**ടേബിൾ 3** തൊഴിൽ സേനയുടെ ജാതി തിരിച്ചുള്ള അനുപാതം.
Labor force participation rate (UPSS)

| Social Group | 2017-18 | | | 2023-2024 | | |
|---|---|---|---|---|---|---|
| | Male | Female | Total | Male | Female | Total |
| Hindu ST | 9.82 | 14.08 | 10.84 | 10.04 | 14.55 | 11.65 |
| Hindu SC | 22.02 | 21.67 | 21.94 | 22.16 | 21.81 | 22.04 |
| Hindu OBC | 42.49 | 42.62 | 42.52 | 45.18 | 45.91 | 45.44 |
| Hindu Higher Caste | 25.67 | 21.63 | 24.70 | 22.62 | 17.73 | 20.88 |
| Total | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

രാജ്യത്തെ തൊഴിൽ സേനയിൽ 21.94% ആയിരുന്ന 2017-2018 ൽ പട്ടികജാതികളുടെ പങ്കാളിത്തം (ടേബിൾ 3). എന്നാൽ 2023-2024 ആകുമ്പോൾ അത് നാമമാത്രമായി വർദ്ധിച്ച് 22.04% ആകുന്നു. പട്ടികജാതിക്കാരിൽ കൂടുതലും ഗ്രാമീണ മേഖലകളിൽ ആണ് ജോലി ചെയ്യുന്നത് (ടേബിൾ 4). മൊത്തം തൊഴിൽ സേനയിൽ മുന്നാക്ക ജാതി ഹിന്ദു സ്ത്രീകളുടെ എണ്ണത്തിൽ കുറവ് ഉണ്ടാകുന്നുണ്ട് 2017-2018 ൽ നിന്നും 2023-2024 ലേക്ക് എത്തുമ്പോൾ. നവലിബറൽ കമ്പോളത്തിന്റെ നേട്ടങ്ങൾ കൂടുതലായി മധ്യവർഗ്ഗ മുന്നാക്ക കുടുംബങ്ങളിലേക്ക് പോകുന്നതിന്റെ ഒരു സൂചകമായി ഇതിനെ കാണാവുന്നതാണ്.

**ടേബിൾ 4** തൊഴിൽ ശക്തി നിരക്ക് (WPR)

(Worker Population Ration - UPSS)

| Social Group | 2017-18 | | | 2023-2024 | | |
|---|---|---|---|---|---|---|
| | Rural | Urban | Total | Rural | Urban | Total |
| Hindu ST | 13.88 | 3.61 | 11.06 | 14.56 | 3.58 | 11.84 |
| Hindu SC | 23.46 | 17.47 | 21.82 | 22.98 | 19.08 | 22.01 |
| Hindu OBC | 43.26 | 40.74 | 42.57 | 46.34 | 42.65 | 45.43 |
| Hindu Higher Caste | 19.41 | 38.18 | 24.55 | 16.11 | 34.68 | 20.73 |
| Total | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

**ടേബിൾ 5** തൊഴിൽ നില അനുസരിച്ചുള്ള തൊഴിലാളികളുടെ വിതരണം

(Employment Activity Status -UPSS)

| | 2017-18 PLFs | | | | | 2023-2024 PLFs | | | | |
|---|---|---|---|---|---|---|---|---|---|---|
| | Hindu ST | Hindu SC | Hindu OBCC | Hindu Higher Caste | Total | Hindu ST | Hindu SC | Hindu OBC | Hindu Higher Caste | Total |
| Own Account Worker | 33.55 | 30.25 | 40.57 | 42.69 | 38.06 | 28.69 | 32.02 | 40.87 | 43.07 | 37.94 |
| Helper in household enterprise | 21.96 | 9.33 | 15.77 | 13.39 | 14.46 | 30.62 | 15.47 | 21.85 | 16.45 | 20.36 |
| Self-Employed | 55.51 | 39.58 | 56.34 | 56.08 | 52.52 | 59.31 | 47.5 | 62.72 | 59.52 | 58.3 |
| Regular Salaried Employee | 11.47 | 19.54 | 21.34 | 32.71 | 22.65 | 12.02 | 19.79 | 20.42 | 33.17 | 21.93 |
| Casual Labor | 33.02 | 40.88 | 22.32 | 11.21 | 24.82 | 28.66 | 32.72 | 16.86 | 7.32 | 19.77 |
| Total | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ 5 അനുസരിച്ച് പട്ടികജാതികളിൽ 40. 88 % കൂലിപ്പണിക്കാർ ആണ്. പട്ടികജാതി തൊഴിലാളികളിൽ സ്ഥിരവരുമാനമുള്ളവർ 19. 54% ആണ്. പട്ടികജാതിക്കാരായ തൊഴിലാളി കളിൽ ഏതാണ്ട് 63. 70% ആളുകളും കാർഷിക മേഖലയിലും കെട്ടിടനിർമ്മാണ മേഖലയിലും ആണ് ജോലി ചെയ്യുന്നത്(ടേബിൾ 6). വ്യാപാരം ഗതാഗതം തുടങ്ങിയ മേഖലകളിൽ പട്ടിക

 ISSN: 2582 - 2594

ജാതിക്കാരുടെ പങ്കാളിത്തം വളരെ കുറവാണ്. സേവന മേഖലകളിൽ പട്ടികജാതിക്കാരുടെ പങ്കാളിത്തം വളരെ കുറവാണ് എന്നത് അവരുടെ നൈപുണി വികസനകാര്യത്തിൽ ഉള്ള കുറവാണോ അതോ തൊഴിൽ കമ്പോളത്തിലുള്ള അദൃശ്യമായ ജാതി വിവേചനം ആണോ എന്ന് അന്വേഷിക്കേണ്ടി ഇരിക്കുന്നു (ടേബിൾ 6). ടേബിൾ 5 അനുസരിച്ച് മൊത്തം തൊഴിലാളികളിൽ സ്വയം തൊഴിൽ മേഖലയിലേക്കുള്ള വളർച്ച വളരെ പ്രകടമാണ്. ജ്ഞാന സമ്പദ് വ്യവസ്ഥയിലെ സാദ്ധ്യതകൾ ആളുകൾ ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് കരുതാവുന്നതാണ്. ടേബിൾ 5 ൽ കാണുന്ന അസ്വസ്ഥകരമായ മറ്റൊരു കാര്യം സ്ഥിര ശമ്പളമുള്ള ആളുകളുടെ എണ്ണത്തിൽ 2017-2018 ൽ നിന്നും 2023-2024 ലേക്ക് എത്തിയപ്പോൾ ഒരു ശതമാനത്തോളം കുറവുണ്ടായി എന്നതാണ്. കരാർ തൊഴിലുകളും ഗിഗ് ഇക്കോണമിയും ശക്തമാകുന്നതിന്റെ ഒരു അനുരണമായി ഇതിനെ കണക്കാക്കാവുന്നതാണ്.

**ടേബിൾ 6** വ്യവസായ മേഖല തിരിച്ചുള്ള തൊഴിൽ വിതരണം

(Type of Employment –UPSS)

| | PLFs 2017-18 | | | | | 2023-2024 PLFs | | | | |
|---|---|---|---|---|---|---|---|---|---|---|
| | Hindu ST | Hindu SC | Hindu OBC | Hindu Higher Caste | Total | Hindu ST | Hindu SC | Hindu OBC | Hindu Higher Caste | Total |
| Agriculture | 69.01 | 44.48 | 46.78 | 37.41 | 46.44 | 65.28 | 39.25 | 46.63 | 34.84 | 44.65 |
| Mining and Quarrying | 0.89 | 0.29 | 0.51 | 0.24 | 0.44 | 0.44 | 0.27 | 0.23 | 0.23 | 0.26 |
| Manufacturing | 4.53 | 10.44 | 11.96 | 13.4 | 11.16 | 5.62 | 10.67 | 11.38 | 12.54 | 10.81 |
| Electricity and Water Supply | 0.41 | 0.66 | 0.55 | 0.72 | 0.6 | 0.43 | 0.73 | 0.46 | 0.81 | 0.59 |
| Construction | 11.96 | 19.22 | 10.45 | 5.77 | 11.38 | 13.65 | 21.46 | 10.88 | 5.47 | 12.33 |
| Trade | 3.22 | 6.99 | 10.04 | 13.22 | 9.4 | 3.89 | 8.24 | 10.62 | 14.92 | 10.25 |
| Transport | 2.43 | 4.9 | 4.68 | 5 | 4.56 | 2.97 | 4.88 | 4.49 | 4.57 | 4.41 |
| Accommodation and Food Services | 0.67 | 1.41 | 2.14 | 2.38 | 1.88 | 1.03 | 1.77 | 2.33 | 2.52 | 2.1 |
| Other Services | 6.89 | 11.61 | 12.9 | 21.87 | 14.15 | 6.7 | 12.73 | 12.98 | 24.09 | 14.59 |
| Total | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

**ടേബിൾ 7** തൊഴിൽ മേഖല തിരിച്ചുള്ള വിതരണം
(Type of Employment sector –UPSS)

| Sector | 2017-18 PLFs | | | | | 2023- 2024 PLFs | | | | |
|---|---|---|---|---|---|---|---|---|---|---|
| | Hindu ST | Hindu SC | Hindu OBC | Hindu Higher Caste | Total | Hindu ST | Hindu SC | Hindu OBC | Hindu Higher caste | Total |
| Agriculture | 69.01 | 44.48 | 46.78 | 37.41 | 46.44 | 65.28 | 39.25 | 46.63 | 34.84 | 44.65 |
| Secondary | 17.78 | 30.6 | 23.47 | 20.12 | 23.57 | 20.13 | 33.13 | 22.95 | 19.05 | 23.99 |
| Tertiary | 13.21 | 24.92 | 29.76 | 42.47 | 29.99 | 14.59 | 27.62 | 30.42 | 46.1 | 31.35 |
| Total | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ 7 അനുസരിച്ച് 2017-2018 ൽ നിന്നും 2023-2024 ലേക്ക് എത്തുമ്പോൾ അഞ്ചു ശതമാനം പട്ടികജാതി തൊഴിലാളികൾക്ക് കാർഷിക മേഖലയിൽ നിന്നും മാറാനും വ്യവസായത്തിലേക്കും സേവന മേഖലകളിലേക്കും മാറാനും കഴിഞ്ഞുവെന്ന് കാണാം. ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥയാകാൻ ആഗ്രഹിക്കുന്ന നമ്മുടെ രാജ്യത്ത് ഇന്നും 44% ആളുകളും തൊഴിൽ കണ്ടെത്തുന്നത് കാർഷിക മേഖലയിൽ ആണ് എന്ന് കാണാം. അതിൽ തന്നെ പട്ടികവർഗ്ഗക്കാരുടെ കാർഷിക മേഖലയിലെ പങ്കാളിത്തം അവരുടെ തൊഴിൽ ശേഷിയുടെ 69% ആണെന്നത് ദ്വിതീയ തൃതീയ മേഖലകളിൽ ജോലിക്കായുള്ള നൈപുണികൾ അവർക്കിടയിൽ വളർത്തുന്നതിൽ ആദിവാസി വികസനം വിജയിച്ചിട്ടില്ല എന്ന് സൂചിപ്പിക്കുന്നു. ഈ വിമർശനം പട്ടികജാതി വിഭാഗങ്ങളുടെ കാര്യത്തിലും ശരിയാണ്. 2017-2018 ൽ നിന്നും 2023-2024 ലേക്ക് എത്തുമ്പോഴും കാർഷിക മേഖലയിലെ വിവിധ സാമൂഹ്യ വിഭാഗങ്ങളുടെ പങ്കാളിത്തത്തിൽ വലിയ വ്യത്യാസമൊന്നും കാണുന്നില്ല എന്നത് ഇന്ത്യൻ കാർഷിക മേഖലയിലെ സാങ്കേതിക വികാസ കാര്യത്തിലുള്ള ഇഴച്ചിലിനെ സൂചിപ്പിക്കുന്നു.

**ടേബിൾ 8 സംഘടിത അസംഘടിത തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ സ്ത്രീ പുരുഷ അനുപാതം(2017-2018)**
**(Informal and formal sector employment –UPSS)**

| Social Group | 2017-18 | | | |
|---|---|---|---|---|
| | Informal | Formal | Informal | Formal |
| | Male | | Female | |
| Hindu ST | 78.62 | 21.38 | 67.84 | 32.16 |
| Hindu SC | 83.3 | 16.7 | 75.51 | 24.49 |
| Hindu OBC | 81.07 | 18.93 | 74.48 | 25.52 |
| Hindu Higher Caste | 72.28 | 27.72 | 65.89 | 34.11 |
| Total | 78.91 | 21.72 | 71.86 | 28.14 |

Source: Authors' Calculation based on PLFs 2017-18

 ISSN: 2582 - 2594

**ടേബിൾ 9** സംഘടിത-അസംഘടിത തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ ജാതി തിരിച്ചുള്ള സ്ത്രീ പുരുഷ അനുപാതം (2023-2024)

| Social Group | 2023-2024 | | | |
|---|---|---|---|---|
| | Informal | Formal | Informal | Formal |
| | Male | | Female | |
| Hindu ST | 91.24 | 8.76 | 91.89 | 8.11 |
| Hindu SC | 88.69 | 11.31 | 88.64 | 11.36 |
| Hindu OBC | 87.27 | 12.73 | 88.64 | 11.16 |
| Hindu Higher Caste | 77.05 | 22.95 | 78.94 | 21.06 |
| Total | 85.67 | 14.33 | 87.4 | 12.06 |

Source: Authors' Calculation based on PLFs 2023-2024

ടേബിൾ 8 ഉം ഒൻപതും നോക്കിയാൽ അറിയാൻ കഴിയും പട്ടികജാതി തൊഴിലാളികളിൽ ഏതാണ്ട് എഴുപത് ശതമാനവും അസംഘടിത മേഖലകളിൽ ആണ് ജോലി ചെയ്യുന്നതെന്ന്. പട്ടികജാതി പുരുഷന്മാരിൽ 2017-2018 ൽ 83.3% ജോലി ചെയ്തത് അസംഘടിത മേഖലയിൽ ആണ്. 2023-2024 ലേക്ക് എത്തുമ്പോൾ അത് 88.69% ആയി ഉയരുകയാണ് ഉണ്ടായത്. കൂടുതൽ കൂടുതൽ പട്ടികജാതി തൊഴിലാളികൾ അസംഘടിത മേഖലയിലേക്ക് വീഴുന്നു എന്നത് ശുഭകരമായ കാര്യം അല്ലല്ലോ. സ്ത്രീ തൊഴിലാളികളിലും ഏതാണ്ട് എൺപത് ശതമാനം ആളുകൾ അസംഘടിത മേഖലയിൽ തന്നെയാണ് ജോലി ചെയ്യുന്നത് (ടേബിൾ 9). മൊത്തം തൊഴിലാളികളിൽ 87.4% അസംഘടിത മേഖലയിൽ ആണ് ജോലി ചെയ്യുന്നത് എന്നത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിലെ ഒരു വൈരുദ്ധ്യം ആയി കാണാവുന്നതാണ്.

**ടേബിൾ 10** 2017 -2018 ലെ അസംഘടിത-സംഘടിത തൊഴിൽ മേഖലകളിലെ സാമൂഹ്യവിഭാഗങ്ങളുടെ സ്ത്രീ പുരുഷ പങ്കാളിത്തം

| Social Group | 2017-18 | | | | | |
|---|---|---|---|---|---|---|
| | Informal | Formal | Total | Informal | Formal | Total |
| | Male | | | Female | | |
| Hindu ST | 6.58 | 6.69 | 6.6 | 7.09 | 8.58 | 7.51 |
| Hindu SC | 23.75 | 17.82 | 22.5 | 24.05 | 19.92 | 22.89 |
| Hindu OBC | 43.66 | 38.15 | 42.5 | 43.66 | 38.19 | 42.12 |
| Hindu Higher Caste | 26.01 | 37.34 | 28.4 | 25.2 | 33.31 | 27.48 |
| Total | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18.

**ടേബിൾ 11** 2023-2024 ലെ അസംഘടിത -സംഘടിത തൊഴിൽ മേഖലകളിലെ സമൂഹ്യവിഭാഗങ്ങളുടെ സ്ത്രീ പുരുഷ പങ്കാളിത്തം

| Social Group | 2023-2024 | | | | | |
|---|---|---|---|---|---|---|
| | Informal | Formal | Total | Informal | Formal | Total |
| | Male | | | Female | | |
| Hindu ST | 10.82 | 6.21 | 10.16 | 15.8 | 9.68 | 15.03 |
| Hindu SC | 22.89 | 17.44 | 22.11 | 20.97 | 18.65 | 20.68 |
| Hindu OBC | 45.87 | 40 | 45.03 | 46.3 | 40.34 | 45.55 |
| Hindu Higher Caste | 20.42 | 36.34 | 22.7 | 16.93 | 31.33 | 18.74 |
| Total | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2023-2024.

ടേബിൾ 10 ഉം 11 ഉം സൂചിപ്പിക്കുന്നത് സംഘടിത-അസംഘടിത മേഖലകളിലെ പട്ടിക ജാതി പുരുഷന്മാരുടെ പങ്കാളിത്തത്തിൽ വലിയ മാറ്റങ്ങൾ 2017-2018 ൽ നിന്നും 2023-2024 ലേക്ക് എത്തുമ്പോൾ കാണുന്നില്ല. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തക്കാര്യത്തിൽ സംഘടിത അസംഘടിത മേഖലകളിൽ 2017-2018 ൽ നിന്നും 2023-2024 ലേക്ക് എത്തുമ്പോൾ പ്രകടമായ കുറവുണ്ടാകുന്നുണ്ട്.

**ടേബിൾ 12** സംഘടിത അസംഘടിത തൊഴിലാളികളുടെ ശതമാനം. (Principal Status)

| Social Group | 2017-18 | | 2023-2024 | |
|---|---|---|---|---|
| | Informal | Formal | Informal | Formal |
| Hindu ST | 76.40 | 23.60 | 91.49 | 8.51 |
| Hindu SC | 81.83 | 18.17 | 88.68 | 11.32 |
| Hindu OBC | 79.86 | 20.14 | 87.74 | 12.26 |
| Hindu Higher Caste | 71.12 | 28.88 | 77.54 | 22.46 |
| Total | 77.60 | 22.40 | 86.18 | 13.82 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ 12 അനുസരിച്ച് 2017-2018 കാലത്ത് പട്ടികവർഗ്ഗ തൊഴിലാളികളിൽ 76.40% പേരാണ് അസംഘടിത മേഖലകളിൽ ജോലി ചെയ്തിരുന്നത്. എന്നാൽ 2023-2024 കാലത്തേക്ക് വരുമ്പോൾ പട്ടിക വർഗ്ഗക്കാരിലെ അസംഘടിത തൊഴിലാളികളുടെ എണ്ണം 91.49% ആകുന്നു. പട്ടികജാതികളിൽ അസംഘടിത തൊഴിലാളികളുടെ എണ്ണത്തിൽ ഇതേ കാലയളവിൽ ഏതാണ്ട് ഏഴ ശതമാനം വർധനവ് ഉണ്ടാകുന്നുണ്ട്. മുന്നാക്ക ജാതികളുടെയും മറ്റ്

 ISSN: 2582 - 2594

പിന്നാക്ക ജാതിക്കാരുടെ ഇടയിലും ഏതാണ്ട് അഞ്ചു ശതമാനത്തിനടുത്ത് തൊഴിലാളികൾ അസംഘടിത തൊഴിൽ മേഖലയിൽ എത്തിപ്പെടുന്നുണ്ട്. സംഘടിത തൊഴിൽ മേഖലയിൽ ആകെ ജോലി ചെയ്തിരുന്നത് 2017-2018 കാലത്ത് 22.40% പേർ സംഘടിത മേഖലയിൽ ഉണ്ടായിരുന്നപ്പോൾ അത് 2023-2024 കാലഘട്ടത്തിൽ 13.82% ആയി കുറയുകയാണ് ഉണ്ടായത്. സംഘടിത മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വലിയ കുറവ് ജാതി ഭേദമന്യേ ആളുകൾ പാർശ്വവൽക്കരിക്കപ്പെടുന്നു എന്നതിന്റെ സൂചകമാണ്.

ടേബിൾ 13 **സംഘടിത അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ വിഭജനം (Principal Status)**

| Social Group | 2017-18 | | | 2023-2024 | | |
|---|---|---|---|---|---|---|
| | Informal | Formal | Total | Informal | Formal | Total |
| Hindu ST | 6.66 | 7.13 | 6.77 | 12.32 | 7.15 | 11.61 |
| Hindu SC | 23.80 | 18.31 | 22.57 | 22.31 | 17.77 | 21.68 |
| Hindu OBC | 43.66 | 38.16 | 42.43 | 46.00 | 40.09 | 45.18 |
| Hindu Higher Caste | 25.87 | 36.40 | 28.23 | 19.37 | 34.99 | 21.53 |
| Total | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ 13 നമുക്ക് കാണിച്ചു തരുന്നത് മറ്റൊരു പ്രധാനപ്പെട്ട കാഴ്ചയാണ്. 2017-2018 കാലത്ത് സംഘടിത മേഖലയിൽ ജോലി ചെയ്ത ഹിന്ദുക്കളിൽ 75% ഉം മറ്റു പിന്നാക്ക വിഭാഗങ്ങളും മുന്നാക്ക ഹിന്ദു ജാതികളും ആണ്. 2023-2024 ലേക്ക് എത്തുമ്പോഴും ഈ കണക്കിൽ നേരിയ മാറ്റം പോലുമില്ല. മുന്നാക്ക ജാതിക്കാരുടെ എണ്ണം പതിനഞ്ചു ശതമാനത്തിൽ താഴെയാണ് എന്ന് കരുതപ്പെടുന്ന സാഹചര്യത്തിൽ തീർച്ചയായും തൊഴിൽ മാർക്കറ്റിൽ ജാതി വിവേചനങ്ങൾ ഉണ്ടെന്നുള്ള തോറാട്ടിനെപ്പോലുള്ളവരുടെ നിരീക്ഷണങ്ങൾ പൂർണ്ണമായും ഭാവനയാണെന്ന് കരുതുക വയ്യ.

**ടേബിൾ 14** Distribution of regular salaried workers in private and Public

| Social Group | 2017-18 | | | 2023-2024 | | |
|---|---|---|---|---|---|---|
| | Private | Public | Total | Private | Public | Total |
| Hindu ST | 4.68 | 7.88 | 5.60 | 5.81 | 8.65 | 6.48 |
| Hindu SC | 18.87 | 18.82 | 18.86 | 19.46 | 20.68 | 19.75 |
| Hindu OBC | 40.82 | 37.41 | 39.84 | 43.14 | 39.69 | 42.33 |
| Hindu Higher Caste | 35.64 | 35.88 | 35.71 | 31.59 | 30.98 | 31.44 |
| Total | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

**ടേബിൾ 15 caste wise Distribution of regular salaried workers in private and Public**

| Social Group | 2017-18 | | 2023-2024 | |
|---|---|---|---|---|
| | Private | Public | Private | Public |
| Hindu ST | 59.37 | 40.63 | 68.41 | 31.59 |
| Hindu SC | 71.18 | 28.82 | 75.22 | 24.78 |
| Hindu OBC | 72.89 | 27.11 | 77.81 | 22.19 |
| Hindu Higher Caste | 70.99 | 29.01 | 76.69 | 23.31 |
| Total | 71.13 | 28.87 | 76.34 | 23.66 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ പതിനാല് സൂചിപ്പിക്കുന്നത് സ്വകാര്യ പൊതു മേഖലകളിൽ ജോലി ചെയ്യുന്ന ഹിന്ദു തൊഴിലാളികളിൽ 75% ഉം മറ്റു പിന്നാക്ക, മുന്നാക്ക ഹിന്ദുക്കൾ ആണെന്നാണ്. പട്ടികജാതി പട്ടികവർഗ്ഗ തൊഴിലാളികൾക്ക് ജനസംഖ്യാനുപാതികമായി സ്വകാര്യ തൊഴിൽ മേഖലകളിൽ ജോലി കിട്ടുന്നില്ല എന്നത് സ്വകാര്യ തൊഴിലിടങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗങ്ങൾ ഒഴിവാക്കപ്പെടുന്നുണ്ടോ എന്ന് കരുതാനുള്ള ഒരു ആദ്യപടി ആണ്.

**ടേബിൾ 16 Distribution of regular salaried workers in Job contract**

(Type of job contract-UPS)

| Job contract | 2017-18 | | | | | 2023-2024 | | | | |
|---|---|---|---|---|---|---|---|---|---|---|
| | Hindu ST | Hindu Sc | Hindu OBC | Hindu higher Caste | Total | Hindu ST | Hindu SC | Hindu OBC | Hindu Higher Caste | Total |
| No written job contract | 94.73 | 93.96 | 94.24 | 91.62 | 93.35 | 58.34 | 62.67 | 57.47 | 50.33 | 56.31 |
| Written job contract: for 1 year or less | 2.47 | 3.09 | 2.02 | 3.66 | 2.79 | 5.21 | 7.84 | 7.7 | 7.14 | 7.39 |
| more than 1 year to 3 | 0.44 | 0.64 | 0.65 | 1.21 | 0.82 | 3.55 | 5.36 | 6 | 7.08 | 6.05 |
| More than 3 years | 2.36 | 2.31 | 3.08 | 3.51 | 3.04 | 32.9 | 24.13 | 28.83 | 35.46 | 30.25 |
| Total | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024


ISSN: 2582 - 2594

**ടേബിൾ 17 Distribution of caste wise regular salaried workers in Job contract**

(Type of job contract-UPS)

| Job contract | 2017-18 | | | | | 2023-2024 | | | | |
|---|---|---|---|---|---|---|---|---|---|---|
| | Hindu ST | Hindu Sc | Hindu OBC | Hindu higher Caste | Total | Hindu ST | Hindu SC | Hindu OBC | Hindu Higher Caste | Total |
| No written job contract | 4.44 | 19.63 | 43.65 | 32.28 | 100 | 6.72 | 21.98 | 43.2 | 28.1 | 100 |
| Written job contract: for 1 year or less | 3.88 | 21.58 | 31.35 | 43.18 | 100 | 4.57 | 20.95 | 44.12 | 30.36 | 100 |
| more than 1 year to 3 | 2.33 | 15.1 | 34.37 | 48.2 | 100 | 3.8 | 17.49 | 41.96 | 36.75 | 100 |
| More than 3 years | 3.39 | 14.84 | 43.79 | 37.97 | 100 | 7.05 | 15.75 | 40.34 | 36.86 | 100 |
| Total | 4.37 | 19.51 | 43.79 | 32.89 | 100 | 6.48 | 19.75 | 42.33 | 31.44 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ 16 ഉം 17 ഉം ഇന്ത്യൻ തൊഴിൽ മേഖലകളിലെ കരാർ തൊഴിലുകളുടെ ഉള്ളറയിലേക്കൊരു എത്തിനോട്ടമാണ് നടത്തുന്നത്. എല്ലാ ഹിന്ദു ജാതി വിഭാഗങ്ങളിലും തൊണ്ണൂറു ശതമാനത്തിന് മുകളിൽ ജോലി ചെയ്യുന്നത് തൊഴിൽ ദാദാവുമായി യാതൊരു വിധ കരാറുകളും ഇല്ലാതെയാണ്. ഇന്ത്യൻ തൊഴിലാളികൾ എത്രമേൽ സംഘർഷഭരിതമായ ഒരു തൊഴിൽ ജീവിതമാണ് നയിക്കുന്നത് എന്ന് ഇത് വ്യക്തമാക്കുന്നു. ഗിഗ് മേഖലയിൽ ജോലി ചെയ്യുന്ന മിക്കവരും മൂന്നു മാസത്തേക്കുള്ള ജോബ് കരാറിൽ ആണ് ജോലി ചെയ്യുന്നത്. 2017-2018 കാലത്ത് റെഗുലർ ശമ്പളം കിട്ടുന്ന ആളുകളുടെ കാര്യത്തിൽ മൂന്നു വർഷത്തിൽ കൂടുതൽ കാലത്തേക്ക് കരാറിൽ ഏർപ്പെടുന്ന ഹിന്ദു തൊഴിലാളികളുടെ എണ്ണം മൊത്തം ഹിന്ദു തൊഴിലാളികളുടെ 3.04% മാത്രമായിരുന്നത് 2023-2024 ആകുമ്പോൾ 30.25% ആയി മാറുന്നുണ്ട്. ഇത് ജോലി സ്ഥിരതയുടെ കാലത്തെയാണോ സൂചിപ്പിക്കുന്നത് അതോ തൊഴിലാളികളെ തടസ്സമില്ലാതെ ചൂഷണം ചെയ്യാനുള്ള കമ്പനികളുടെ കുതന്ത്രം ആണോ എന്ന് കൂടുതൽ ആഴത്തിൽ പഠിക്കേണ്ട കാര്യമാണ്.

**ഉന്നതവിദ്യാഭ്യാസവും തൊഴിൽ പങ്കാളിത്തവും**

| Table 18 | 2017-18 (Unemployment usual activity (PS+SS) | | | | |
|---|---|---|---|---|---|
| Higher Education Level | Hindu ST | Hindu SC | Hindu OBC | Hindu Higher caste | Total |
| Graduate | 82.35 | 81.58 | 78.86 | 70.92 | 76.69 |
| postgraduate and above | 17.65 | 18.42 | 21.14 | 29.08 | 23.31 |
| Total | 100 | 100 | 100 | 100 | 100 |
| 2023-2024 (Unemployment usual activity (PS+SS) | | | | | |
| Higher Education Level | Hindu ST | Hindu SC | Hindu OBC | Hindu Higher caste | Total |
| Graduate | 83.22 | 79.44 | 80.55 | 71.08 | 77.67 |
| postgraduate and above | 16.78 | 20.56 | 19.45 | 28.92 | 22.33 |
| Total | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ 18 അനുസരിച്ച് 2017-2018 കാലത്ത് എല്ലാ ജാതി വിഭാഗങ്ങളിലും ബിരുദദാരികളുടെ ഇടയിലെ തൊഴിലില്ലായ്മ നിരക്ക് ഏതാണ്ട് 75% ശതമാനത്തിന് മുകളിൽ ആയിരുന്നു. 2023-2024 ആകുമ്പോൾ അത് വലിയ മാറ്റമില്ലാതെ തുടരുന്നു എന്ന് കാണാം. ബിരുദാനന്തര ബിരുദദാരികളുടെ കാര്യത്തിൽ 2017-2018 ൽ നിന്നും 2023-2024 ലേക്ക് എത്തുമ്പോൾ പട്ടികജാതിക്കാരിലെ തൊഴിലില്ലായ്മ കൂടുകയാണ്.

| Table 19 | 2017-18 (Unemployment usual activity (PS+SS) | | | | |
|---|---|---|---|---|---|
| | Male | | | | |
| Higher Education Level | Hindu ST | Hindu SC | Hindu OBC | Hindu Higher caste | Total |
| Graduate | 88.65 | 83.87 | 83.76 | 77.45 | 81.82 |
| postgraduate and above | 11.35 | 16.13 | 16.24 | 22.55 | 18.18 |
| Total | 100 | 100 | 100 | 100 | 100 |
| 2017-18 (Unemployment usual activity (PS+SS) | | | | | |
| Female | | | | | |
| Higher Education Level | Hindu ST | Hindu SC | Hindu OBC | Hindu Higher caste | Total |
| Graduate | 73.71 | 77.01 | 68.21 | 59.7 | 66.78 |
| postgraduate and above | 26.29 | 22.99 | 31.79 | 40.3 | 33.22 |
| Total | 100 | 100 | 100 | 100 | 100 |


ISSN: 2582 - 2594

| Table 20 | 2023-2024 (Unemployment usual activity (PS+SS) | | | | |
|---|---|---|---|---|---|
| | Male | | | | |
| Higher Education Level | Hindu ST | Hindu SC | Hindu OBC | Hindu Higher caste | Total |
| Graduate | 86.56 | 86.95 | 90.06 | 74.88 | 84.84 |
| postgraduate and above | 13.44 | 13.05 | 9.94 | 25.12 | 15.16 |
| Total | 100 | 100 | 100 | 100 | 100 |
| | 2023-2024 (Unemployment usual activity (PS+SS) | | | | |
| | Female | | | | |
| Higher Education Level | Hindu ST | Hindu SC | Hindu OBC | Hindu Higer caste | Total |
| Graduate | 79.25 | 68.15 | 68.31 | 66.09 | 68.15 |
| postgraduate and above | 20.75 | 31.85 | 31.69 | 33.91 | 31.85 |
| Total | 100 | 100 | 100 | 100 | 100 |

Source: Authors' Calculation based on PLFs 2017-18 & 2023-2024

ടേബിൾ 19 അനുസരിച്ച് 2017-2018 കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക ഹിന്ദു പുരുഷ തൊഴിലാളികളിൽ ബിരുദം ഉള്ളവരിൽ

ഏതാണ്ട് 81.82% തൊഴിൽരഹിതർ ആയിരുന്നു. 2023-24 ലേക്ക് എത്തുമ്പോൾ എല്ലാ ജാതി വിഭാഗങ്ങളിലും ഉള്ള ബിരുദദാരികളായ പുരുഷ തൊഴിലാളികളിൽ 84.84% തൊഴിലില്ലാത്തവർ ആണ്. ടേബിൾ 19 അനുസരിച്ച് 2017-2018 കാലത്ത് എല്ലാ ജാതി വിഭാഗങ്ങൾക്കിടയിലെ ബിരുദദാരികൾ ആയ സ്ത്രീ തൊഴിലാളികളുടെ തൊഴിലില്ലായ്മ 66.78 ശതമാനമായിരുന്നു. എന്നാൽ 2023-24 ലേക്ക് എത്തുമ്പോൾ ഇതേ വിഭാഗങ്ങൾക്കിടയിലെ തൊഴിലില്ലായ്മ 68.15. 2017-2018 കാലത്ത് ഉയർന്ന ജാതി ഹിന്ദുക്കളിലെ ബിരുദാനന്തര ബിരുദമുള്ള പുരുഷ തൊഴിലാളികളിൽ 22.55% പേരും തൊഴിൽ രഹിതർ ആയിരുന്നു. 2023-2024 ലേക്ക് എത്തുമ്പോൾ ഇത് 25.12% ആയി വർദ്ധിക്കുന്നു. 2017-2018 കാലത്ത് ബിരുദാനന്തര ബിരുദമുള്ള മുന്നാക്ക ജാതി സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 40.03% ആയിരുന്നു. 2023-2024 ലേക്ക് എത്തുമ്പോൾ ഈ സംഖ്യ 33.91% ആയി കുറയുന്നുണ്ട്. എന്നാൽ ഇതേ കാലയളവിൽ പട്ടികജാതി സ്ത്രീകളിൽ തൊഴിലില്ലായ്മ കൂടുകയാണ് ചെയ്തത്. എല്ലാ ജാതി വിഭാഗങ്ങൾക്കിടയിലുമുള്ള ബിരുദാനന്തര ബിരുദദാരികളിൽ പുരുഷന്മാരേക്കാൾ തൊഴിൽ രഹിതർ ഉള്ളത് സ്ത്രീകൾക്കിടയിൽ ആണ്. ഇതിനുള്ള കാരണം ലിംഗപരമായ വിവേചനമാണോ അതോ പുരുഷാധിപത്യ സമൂഹം സ്ത്രീകളെ കുടുംബത്തിൽ തളച്ചിടുന്നത് ആണോ എന്നത് കൂടുതൽ അന്വേഷണം ആവശ്യപ്പെടുന്ന മേഖലകളിൽ ഒന്നാണ്.

**ഉപസംഹാരം**

2017-2018, 2023-2024 വർഷങ്ങളിലെ തൊഴിൽ ശക്തി സർവ്വേ (PLFS) ഡാറ്റയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ തൊഴിൽ വിപണിയെ ജാതിവ്യവസ്ഥയുടെ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുമ്പോൾ പരമ്പരാഗത ജാതി അധിഷ്ഠിത തൊഴിൽ വേർതിരിവ് ആധുനിക തൊഴിൽ മാതൃകകളിൽ ഇപ്പോഴും സ്വാധീനം ചെലുത്തുന്നതായി വ്യക്തമാകുന്നു. ജാതി വ്യവസ്ഥ ചരിത്രപരമായി തൊഴിൽ സഞ്ചാരത്തെ (Mobility) നിയന്ത്രിച്ചു. വ്യക്തികളെ അവരുടെ ജാതി മുൻകൂട്ടി നിശ്ചയിച്ച തൊഴിലുകളിൽ മാത്രം ഒതുക്കി. പ്രത്യേകിച്ചും പട്ടികജാതിക്കാർ പട്ടികവർഗ്ഗക്കാർ എന്നിവർ കുറഞ്ഞ വേതനവും കായികാധ്വാനവും ആവശ്യമായ കൂലിപ്പണി പോലുള്ള ജോലികളിലേക്ക് തള്ളപ്പെട്ടു. മറ്റു പിന്നാക്ക ഹിന്ദുക്കൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ തൊഴിൽ സേനയിലുള്ള പങ്കാളിത്തവും തൊഴിലാളി പങ്കാളിത്ത നിരക്ക് എന്നിവയിൽ നേരിയ വർധനവും സ്വയം തൊഴിലുകളിലേക്കുള്ള മാറ്റവും ശ്രദ്ധേയം ആണെങ്കിലും ഉയർന്ന ഹിന്ദു ജാതിക്കാർ സ്ഥിരം ശമ്പളമുള്ള ജോലികളിലും, ഉയർന്ന വേതനം ലഭിക്കുന്ന സേവനമേഖലയിലും അവരുടെ ആധിപത്യം നിലനിർത്തുന്നതായി കാണാം. ഇത് ജാതി ശ്രേണിയിൽ വേരൂന്നിയ സാമ്പത്തിക അസമത്തങ്ങളെ സൂചിപ്പിക്കുന്നു. പിന്നാക്ക ഹിന്ദുക്കൾ ഗ്രാമീണ മേഖലയിൽ അവരുടെ പങ്കാളിത്തം തൊഴിൽ ശക്തിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. അതേ സമയം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂലിപ്പണിയിലും കെട്ടിടനിർമ്മാണ മേഖലകളിലും ആയി ഒതുങ്ങിപ്പോകുന്ന പ്രവണതയാണ് കാണുന്നത്. പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നാക്ക ഹിന്ദുക്കളെ അപേക്ഷിച്ച് മുന്നാക്ക ജാതി ഹിന്ദുക്കൾ കൂടുതൽ ശമ്പളവും തൊഴിൽ സുരക്ഷയും ഉള്ള മേഖലകളിലേക്ക് കൂടുതലായി വരുന്നു എന്നത് പരമ്പരാഗത ജാതി വ്യവസ്ഥയിൽ അവർക്കുണ്ടായിരുന്ന സാമൂഹ്യമൂലധനത്തിന്റെ ഒരു തുടർച്ച തന്നെയാണ്. ഭരണഘടന വന്നിട്ടും ജനാധിപത്യം ഉണ്ടായിട്ടും വിഭവ പങ്കാളിത്തം ഒരു മൂല്യബോധമായി നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടും ഇന്നും നമ്മുടെ സ്വകാര്യ മേഖലയിലെ തൊഴിലിടങ്ങൾ കീഴാള ജാതികൾക്ക് അപ്രാപ്യം തന്നെയാണ് എന്നാണ് PLF ഡാറ്റ സൂചിപ്പിക്കുന്നത്. സാമ്പത്തിക പരിവർത്തനം ഉണ്ടായിട്ടും ജാതി അധിഷ്ഠിത വിവേചനവും ഒഴിവാക്കലും മെച്ചപ്പെട്ട തൊഴിലുകൾ നിഷേധിക്കുന്നതും ഇന്നും തുടരുന്നുണ്ട് എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതിന്റെ ഫലമായി ഇന്ത്യൻ തൊഴിൽ വിപണി ഇന്നും പട്ടികജാതി പട്ടികവർഗ്ഗക്കാരെ സാമ്പത്തിക ഗെറ്റോകളിൽ തന്നെയാണ് പാർപ്പിച്ചിട്ടുള്ളത്.

ഇന്ത്യയുടെ തൊഴിൽ കമ്പോളത്തെ വിശകലനം ചെയ്യുമ്പോൾ അവിടെ തൊഴിലുള്ളവർ ആകാനും തൊഴിൽരഹിതർ ആകാനും ഉള്ള പ്രധാനപ്പെട്ട ഒരു കാരണം തൊഴിലാളികളുടെ ജാതി ആണെന്ന് കാണാം. ജാതിയും ലിംഗവും ഒത്തുചേരുമ്പോൾ ഇന്ത്യ പോലുള്ള ജാതി ബദ്ധ രാജ്യങ്ങളിലെ തൊഴിൽ കമ്പോളത്തിൽ അത് വലിയ സാമൂഹ്യ സാമ്പത്തിക അസമത്തങ്ങൾക്ക് ഇടയാക്കുന്നു എന്നത് കണക്കുകളിൽ നിന്നും വ്യക്തമാണ്. ഇന്ത്യയുടെ ജാതി പാരമ്പര്യത്തിന്റെ മൂല്യബോധത്തിൽ തന്നെയാണ് നമ്മുടെ തൊഴിൽ കമ്പോളവും പ്രവർത്തിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെട്ട തൊഴിലന്വേഷകർ ജാതീയമായ വിവേചനം തൊഴിൽ കമ്പോളത്തിൽ നേരിടുന്നുവോ എന്ന് സംശയിക്കാൻ തക്കവണ്ണമുള്ള സൂചനകൾ PLF കണക്കുകൾ സൂചിപ്പിക്കുന്നു. സംവരണം ഇല്ലാത്ത സ്വകാര്യമേഖലയിൽ

 ISSN: 2582 - 2594

പട്ടികജാതി പട്ടികവർഗ്ഗ തൊഴിലന്വേഷകർ മതിയായ യോഗ്യതകൾ ഉണ്ടായിട്ടും ജോലി ലഭിക്കുന്നതിൽ പുറകോട്ട് പോകുന്ന എന്നത് ജാതിവിവേചനത്തിന്റെ സൂചനകൾ തന്നെയാണ്. ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും ജ്ഞാനസമ്പദ് വ്യവസ്ഥയിലേക്കുള്ള പരിവർത്തനവും തീർച്ചയായും സംവരണത്തിന്റെ പ്രയോഗസാദ്ധ്യതകൾ കുറയ്ക്കുക തന്നെ ചെയ്യും. അതുകൊണ്ട് തന്നെ ഭരണകൂട ഒത്താശയോടെ വളരുന്ന മുതലാളിത്ത സമ്പദ്വ്യവസ്ഥയെ സോഷ്യലിസ്റ്റ് അച്ചുതണ്ടിൽ നിന്നും പൂർണ്ണമായി വേർപെടുത്താനുള്ള ശ്രമങ്ങളെ തടയേണ്ടതുണ്ട്. ആധുനീക തൊഴിലിടങ്ങളിലേക്ക് പ്രവേശിക്കാനുള്ള നൈപുണികൾ നേടുകയും ഒപ്പം തൊഴിൽ കമ്പോള പ്രവേശനത്തിലുള്ള സാമൂഹ്യ പ്രതിബന്ധങ്ങൾ കുറയ്ക്കുക എന്നതും മുഖ്യമാണ് (Becker, 1964[26]., Papola, 2015[27]).

## ആധാരസൂചി


1. Ehrenberg, R. & Smith, R. (2012). Modern Labor Economics: Theory and Public Policy, Pearson, Publication, USA.
2. Kral Marx & Friedrich Engels (1848). Communist Manifesto: Accessed from internet archive.
3. Karl Marx (1867). The Capital: Chicago Charles H KERR Company.
4. Thorat, S, (2001). Caste and Economic Discrimination: Theory and Evidence on Rural Labor Market, Arth Vijnana, Journal of Gokhale Institute of Politics and Economics.
5. Thorat, S. & Attewell, P. (2007). The legacy of social exclusion, a correspondence study of job discrimination in India, Economic and Political Weekly, Vol. 42, Issue No. 41, 13 Oct, 2007.
6. Deshpande, A. (2011). The Grammar of Caste, Economic Discrimination in Contemporary India, Oxford University Press, New Delhi, India.
7. Alan Manning (2003). Monopsony in Motion: Princeton University Press.
8. Thorat, S, Attewell, P.& Rizvi, F. (2009). Urban Labor Market Discrimination, Working Paper Series, Vol. III, Indian Institute of Dalit Studies, New Delhi.
9. Thorat, S. (2008). Labour Market Discrimination: Concept, Forms and Remedies in the Indian Situation, the Indian Journal of Labor Economics, Vol. 51. No. 1.
10. Thorat, S. (2017). Caste and labour Market Discrimination: Discussion on forms and Remedies, edited book Labour and labour development, by Kannan, Mamgain and Rustagi and Palgrave Publication, New Delhi.
11. Thorat, S. Madheswaran, S. and Vani, B. (2021). Caste and Labour Market; Employment Discrimination and its impact on Poverty, Economic and Political Weekly, Vol, LVI No 21.
12. Thorat, S., & Newman, K.S. (2010). Blocked by Caste, Economic Discrimination in Modern India, Oxford University Press, New Delhi, India.
13. ILO (2015). Global wage report 2014/15: Wages and income inequality, Geneva: International Labour Organization.
14. Biju Varkkey, Rupa Korde & Devansh Parikh (2017) Indian Labour market and position of gender pay gap in the Indian formal sector: Paper Presented at "5th Conference of

the Regulating for Decent Work Network" At the International Labour Office Geneva, Switzerland 3-5 July 2017.

15. Ambedkar B.R. (1936). Annihilation of caste, Dr. Babasaheb Ambedkar Writings and Speeches, Vol. 1, (pp. 25-96). Maharashtra: Education Department, Govt of Maharashtra.
16. Becker, G. (1957). The Economics of Discrimination. The University of Chicago Press, Chicago and London.
17. B G Thilak Jandhyala (1980) Education and Labour Market Discrimination: Indian Journal of Industrial Relations, Vol.1, URL; https://www.jstor.org/stable/27768597
18. Thurow, L.C. (1968): Poverty and Discrimination (Washington DC: Brookings).
19. Bergmann, B.R. (1971): "The Effects of White Incomes of Discrimination in Employment", Journal of Political Economy, 72 (2) (March).
20. Baran, P.A. and P.M. Sweezy (1966): Monopoly Capital (New York: Monthly Review Press.
21. Thorat, S., Aryama & Negi., P (2007). Reservation in Private sector, Quest for Equal opportunity and Growth, Rawat Publication, New Delhi – 110002.
22. Thorat, S., Mahamallik and Sadana, N. (2010). Caste System and Patten of Discrimination in Rural Markets. Blocked by Caste; Economic Discrimination in Modern India, Oxford University Press 2010.
23. Thorat, S.K., Tagade N. & Naik, A. (2016). Prejudice against reservation policies how and why. Economic and Political Weekly, LI (8).
24. Akerlof, A. G. (1976). The Economics of Caste and of the Rat Race and other Woeful Tales, Quarterly Journal of Economics.
25. Deshpande, Goel and Khanna. (2015). Bad Karma or Discrimination? Male- female Wage Gaps among Salaried workers in India, IZA, DP No. 9485, forschungsinstitut zur Zukunfit der Arbeit Institute for the study of labour.
26. Becker, G.S. (1964). Human capital: A theoretical and empirical analysis with special reference to education, Chicago: University of Chicago Press.
27. Papola, T.S., (2005). Social Exclusion and Discrimination in Hiring Practices, the case of Indian Private Industry, Reservation and Private sector, A quest for equal opportunity and growth', edited by Sukhdeo Thorat and Aryama pp. 101-108.